# കൊടകര ബ്ലോക്ക് പഞ്ചായത്ത് -
# മാതൃക പ്രോജക്ട്

## ഫൂട്ബോൾ-

## കുട്ടികളുടെ കായിക പരിശീലനം



കൊടകര ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം, വരും തലമുറയ്ക്ക് കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുവേി, ഏറ്റവും നൂതനമായ രീതിയിർ ഗ്രാമീണ മേഖലയിലുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊ് ഒരു പ്രൊജക്റ്റ് ഏറ്റെടുക്കണമെന്ന ആശയവുമായി കൊടകര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ഐക്യകണ്ഠേന ഏറ്റെടുത്ത പ്രൊജക്ടാണ് കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം എന്ന പ്രൊജക്റ്റ്.

- കൊടകര ബ്ലോക്ക് പരിധിയിലുള്ള എ്റാ ഗ്രാമപഞ്ചായത്തിലെയും ഗ്രാമസഭകൾ വഴി കുട്ടികളെ തിരഞ്ഞെടുത്തു.

ഗ്രാമസഭയിൽ നിന്നും ലഭിച്ച ലിസ്റ്റിലെ എ്റാ കുട്ടികളെയും ബ്ലോക്ക് പരിധിയിലുള്ള വിവിധ ഗ്രൗ്ുകളിൽ ആദ്യഘട്ട സെലക്ഷൻ - ഫുട്ബോൾ വിദഗ്ദരടങ്ങുന്ന ആദ്യഘട്ട പഞ്ചായത്ത് തല സെലക്ഷൻ

നടത്തി, അതിൽ നിന്നും 10 ദിവസത്തെ നിരന്തര ക്യാമ്പ് നടത്തി, വീ്ും സെലക്ഷൻ നടത്തി 2000 കുട്ടികളിൽ നിന്നും 45 പേരടങ്ങുന്ന ജൂനിയർ സീനിയർ (25-20) ടീമുകളായി ട്രെയിനിംഗ് നടത്തി വരുന്നു. ര് ബാച്ചുകളിലുമായി റിസർവ്വ് ആയി 10 വീതം കുട്ടികളും ലിസ്റ്റിൽ ഉ്.


കൊടകര ബ്ലോക്ക് പഞ്ചായത്ത്
ജനകീയാസൂത്രണം-2017 - 18
കുട്ടികളുടെ കായിക പരിശീലനം

- കോച്ച് :-
- കുട്ടികൾക്ക് പരിശീലനം നൽകുന്നത് ഏറ്റവും നല്ല പരിശീലകരായിരിക്കണമെന്ന ഭരണസമിതിയുടെ തീരുമാനപ്രകാരം കേരളത്തിന് രണ്ട് സന്തോഷ് ട്രോഫിയിൽ വിജയം നേടിക്കൊടുത്ത ശ്രീ.പീതാംബരൻ മങ്ങാട്ടിനെ സമീപിക്കുകയും പ്രൊജക്ടിന്റെ ഉദ്ദേശം മനസ്സിലാക്കി കൊടുത്തപ്പോൾ, ഈ പ്രൊജക്ടിന്റെ മുഖ്യ പരിശീലകനായി സ്ഥാനമേറ്റെടുക്കാമെന്ന് പറയുകയുണ്ടായി. പരിശീലകൻ മറ്റ് സ്ഥാപനങ്ങളിൽ പരിശീലനത്തിന് വാങ്ങുന്നതിനെക്കാൾ വളരെ വളരെ കുറവായ തുകയ്ക്ക് മുഖ്യപരിശീലകനെയും, സഹപരിശീലകരെയും നിയോഗിച്ച് പരിശീലനം നടത്തി വരുന്നു.



## പരിശീലനാർത്ഥികൾ, പരിശീലന സാമഗ്രികൾ വാങ്ങൽ, ന്യൂട്രീഷ്യൻ,ട്രീറ്റ്മെന്റുകൾ:-

പരിശീലനാർത്ഥികൾക്ക് പൊതുഅവധി ദിവസങ്ങളിൽ രാവിലെ 6 മണി മുതൽ 9 മണി വരെയാണ് പരിശീലനം നടത്തിവരുന്നത്. പരിശീലന ദിവസങ്ങളിൽ ഇവർക്കാവശ്യമായ പോഷാകാഹാരങ്ങൾ പാൽ, മുട്ട, ബദാം, തുടങ്ങിയ നൽകി വരുന്നു. കൂടാതെ കുട്ടികൾക്ക് പരിശീലനത്തിന് ഇടയിൽ സംഭവിക്കുന്ന ചതവ്, ജോയിന്റ് വേദന എന്നിവക്കായി ആയൂർവേദ മസാജിങ്ങും ഇതിനോടൊപ്പം നൽകി വരുന്നു. കുട്ടികൾക്ക് പരിശീലനത്തിനിടയിൽ പരിക്ക് പറ്റിയാൽ ആശുപത്രി ചികിത്സാ ചെലവുകൾക്കായി ഇൻഷൂറൻസ് പരിരക്ഷയും പ്രൊജക്ടിൽ നടത്തി വരുന്നു. പരിശീലാനാർത്ഥികൾക്ക് ആവശ്യമായ പരിശീലന സാമഗ്രികൾ, ഫുട്ബോൾ, ബൂട്ട്, ജഴ്സി, മറ്റു പരിശീലനസാമഗ്രികൾ എന്നിവ പ്രൊജക്ടിൽ നിന്ന് വാങ്ങി നൽകി വരുന്നു

## പരിശീലനവേദി:-

കൊടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന അളഗപ്പനഗർ പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന നാഷണൽ ടെക്സ്റ്റൈയിൽസ് കോർപ്പറേഷൻ ഗ്രൗണ്ട്, പുതുക്കാട് സെന്റ് ജോസഫ്സ് ഗൗണ്ട് എന്നിവടങ്ങളിലാണ്.നടക്കുന്നത്. ഓരോ തവണയും സ്ഥാപനഅധികൃതർ അതിന് അനുവാദം തന്ന് പ്രൊജക്ടിനെ വിജയത്തിൽ എത്തിക്കാൻ സഹായിച്ചു.


FC

## പ്രൊജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ:-

2017-18 ന്റെ തുടർച്ചയായി ഈ പ്രൊജക്ട് 2018-19, 2019-20, 2020-21 ലേക്കും നാളിതുവരെയായും നല്ലരീതിയിൽ ട്രെയിനിംഗ് നൽകി വരുന്നു. ട്രെയിനിംഗ് നൽകുന്ന കുട്ടികൾക്ക് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സൗഹൃദമത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി വിവിധഘട്ടങ്ങളിൽ കൊണ്ടുപോകുകയും ചെയ്യുന്നു.

**All India Football Federation** നിൽ കുട്ടികളെ രജിസ്റ്റർ ചെയ്യുകയും കേരള ഫുട്ബോൾ ഫെഡറേഷനിൽ രജിസ്റ്റർ ചെയ്യുകയും, ഒരു ക്ലാസ്സ് ഫുട്ബോൾ അക്കാദമി രൂപീകരിക്കുകയും അതിനെ കൊടകര ഫുട്ബോൾ അക്കാദമി എന്ന് നാമാകരണം ചെയ്യുകയും ചെയ്തിട്ടു്. ഇതിന്റെ ഫലമായി കുട്ടികൾക്ക് കേരള ഫുട്ബോൾ ലീഗ് മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുകയും സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നടക്കുന്ന കേരള ഫുട്ബോൾ ഫെഡറേഷന്റെ മത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചുകൊണ്ടിരിക്കുന്നു.

## നേട്ടങ്ങൾ:-

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന 7 പഞ്ചായത്തുകളിലെയും, പാവപ്പെട്ട കുടുംബങ്ങളിലെ മിടുക്കൻമാരായ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്താൻ സാധിച്ചു. ഇവരെ നാളെയുടെ വാഗ്ദാനങ്ങളായി മാറ്റിയെടുക്കാൻ സാധിക്കുന്നു. ഫുട്ബോൾ ലീഗ് മത്സരങ്ങളിലും മിടുക്കൻമാരായ പ്രതിഭകളെ കണ്ട് വച്ച് അവരെ മറ്റുസമ്പന്ന ക്ലബുകളിലേക്ക് ലേലം വിളിച്ച്കൊണ്ടുപോകുവാൻ പുറമെയുള്ള ക്ലബ്ബുകൾ ധൃതിപിടിക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയെ ആശങ്കയിലാഴ്ത്തുകയും കുട്ടികളെ മറ്റുക്ലബുകൾകൊണ്ടുപോകാതിരിക്കാനായി മറ്റുപ്രൊഫഷണൽ ക്ലബുകൾ നടത്തുന്നതുപോലെ കരാറിൽ ഏർപ്പെടുകയും അത് **All India Football Federation** ആയി രജിസ്റ്റർ ചെയ്യുകയും ചെയ്തു.



നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട കായിക വിനോദങ്ങളിൽ ഒന്നായ ഫുട്ബോളിനെ കൂടുതൽ ജനകീയമാക്കുന്നതിനും, കുട്ടികളിൽ നല്ല കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനും വേണ്ടി കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളനുസരിച്ച് കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു എളിയ ശ്രമം സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും സഹകരണത്തോടുകൂടി ചെയ്തുവരുന്നു. ഇപ്പോൾ നടക്കുന്ന സംസ്ഥാന അക്കാദമി ലീഗിൽ കേരളത്തിലെ 10 പ്രമുഖ ടീമുകളിൽ അണ്ടർ-12, അണ്ടർ-15 )ഒന്നായി വരാനും ലീഗ് മത്സരങ്ങളിൽ പങ്കെടുക്കുവാനും കഴിയുന്നു എന്നത് വലിയ നേട്ടമാണ്.


Eastern
Eastea

കേരള അക്കാദമി പ്രീമിയർ ലീഗ് മത്സരങ്ങളിൽ അണ്ടർ –12 വിഭാഗത്തിൽ കൊടകര ഫുട്ബോൾ അക്കാദമി സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം നേടി.

എറണാകുളം ഡിസ്ട്രിക്ട് ഫുട്ബോൾ അസോസിയേഷൻ ലീഗ് മത്സരങ്ങളിൽ 8 ടീമുകളുള്ള ക്ലസ്റ്ററിൽ ജോയിന്റ് വിന്നേഴ്സ് ആവുകയും ജിന്റോ ഡിവിഷൻ ലീഗ് മത്സരങ്ങളിലേക്ക് ക്വാളിഫൈ ആവുകയും ചെയ്തു. കൊടകര ഫുട്ബോൾ അക്കാദമിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നു.



ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കുട്ടികൾക്ക് ശാസ്ത്രീയവും ചിട്ടയായതുമായ ഫുട്ബോൾ പരിശീലനം ലഭ്യമാക്കാൻ പദ്ധതി മൂലം സാധിച്ചു. സംസ്ഥാന അക്കാദമി ലീഗിലും ജില്ലാ ഫുട്ബോൾ ലീഗിലും കളിക്കുന്നതിനും വിജയിക്കുന്നതിനും കുട്ടികൾക്ക് സാധിച്ചു. തൻമൂലം കേരളത്തിൽ വളർന്നുവരുന്ന ഭാവിയിലെ ഫുട്ബോൾ താരങ്ങൾക്ക് ഒപ്പം കളിക്കാനും അവരുടെ നിലവാരത്തിലേയ്ക്ക് ഉയരാനും സഹായകരമായി. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ കളിക്കുക വഴി വലിയ അനുഭവജ്ഞാനം ഈ വിഷയത്തിൽ താരങ്ങൾക്ക് ലഭിച്ചു. കാസർകോട് നീലേശ്വരത്ത് നടന്ന ശ്രീ.പി.വി.സത്യൻ മെമ്മോറിയൽ ട്രോഫി ഉൾപ്പെടെയുള്ള ടൂർണ്ണമെന്റുകളിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവെക്കാൻ കുട്ടികൾക്ക് സാധിച്ചു. ഇതെല്ലാം പദ്ധതിയുടെ സുപ്രധാന നേട്ടങ്ങളാണ്